## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 45** | **29/01/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ടി. എ. അഹമ്മദ് കബീർ<br>,, പി. ഉബൈദുള്ള<br>,, അബ്ദുൽ ഹമീദ് പി.<br>,, എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്ക് രൂപീകരണത്തിനായി അംഗ ബാങ്കുകളുടെ പൊതു യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) | സംഘങ്ങളുടെ ലയനത്തിന് കേവല ഭൂരിപക്ഷം (simple majority) മാത്രം മതിയാകും എന്ന വിധത്തിലുള്ള നിയമ ഭേദഗതി അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ സഹകരണ സംഘങ്ങൾക്കും നിർദ്ദിഷ്ട കേരള ബാങ്കിൽ അംഗത്വം നൽകണമെന്ന് നബാർഡ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനനുസൃതമായി എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | കേരള ബാങ്ക് രൂപീകരണം സംസ്ഥാന സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും ആനുസൃതമായി പൂർത്തീകരിക്കണമെന്നാണ് ആർ.ബി.ഐ. തത്വത്തിലുള്ള അംഗീകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 2018 ഡിസംബർ 27 ന് നബാർഡ് സംസ്ഥാന സർക്കാരിന് അയച്ച കത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് ഫങ്ഷണൽ സംഘങ്ങൾക്കും സംസ്ഥാന സഹകരണ ബാങ്കിന്റെ ബോർഡിൽ പ്രാതിനിധ്യം നൽകണമെന്ന് പറഞ്ഞിരുന്നു. ഇതിന് നിലവിലെ സംസ്ഥാന സഹകരണ നിയമം അനുവദിക്കുന്നില്ല എന്ന മറുപടി നബാർഡിന് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കേരള ബാങ്ക് രൂപീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | ● അനുമതി നൽകിയ അവസരത്തിൽ റിസർവ്വ് ബാങ്ക് മുന്നോട്ട് വച്ചിരുന്ന നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും വായ്പാ ഉല്പന്നങ്ങൾ 01/01/2019 മുതൽ ഏകീകരിച്ചു.<br>● 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മൈഗ്രേഷൻ ആഡിറ്റ് സി.എ.ആഡിറ്റ്, ആസ്തി ബാധ്യതകളുടെ വാല്യുവേഷൻ എന്നിവ പൂർത്തീകരിച്ചു.<br>● നഷ്ട ആസ്തികൾക്ക് കരുതൽ വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി.<br>● സഹകരണ നിയമങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ, നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br>● 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റേയും തനത് ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ട്രഷറിനിക്ഷേപങ്ങൾ പിൻവലിക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.<br>● ബാങ്ക് എന്ന പദം പേരിനൊപ്പം ഉപയോഗിച്ചുകൊണ്ട് പുതുതായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യരുതെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. മറ്റ് നിബന്ധനകൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ